പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .7737

23.07.2012-ൽ മറുപടിക്ക്

## ഫിഷറീസ് സർവ്വകലാശാലയും മത്സ്യബന്ധന വകുപ്പും

ചോദ്യം | മറുപടി

| | | | |
|---|---|---|---|
| | ശ്രീ.പി.സി. വിഷ്ണുനാഥ്<br>,, ആർ. സെൽവരാജ്<br>,, കെ. അച്ചുതൻ<br>,, വി.റ്റി. ബൽറാം | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കേരള ഫിഷറീസ് സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. 2011 ഏപ്രിൽ 1 മുതൽ. |
| (ബി) | പ്രസ്തുത സർവ്വകലാശാലയുടെ കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതിന് ഫിഷറീസ് വകുപ്പിന്റെ ഉപദേശം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ഇപ്പോൾ നടത്തുന്ന കോഴ്സുകൾ ബി.എഫ്.എസ്.സി., എം.എഫ്.എസ്.സി., കേരള അഗ്രിക്കൾച്ചറൽ സർവ്വകലാശാലയുടെ ഭാഗമായിരുന്നപ്പോൾ തുടങ്ങിയതാണ്. പുതിയ കോഴ്സുകൾ തുടങ്ങുമ്പോൾ ഫിഷറീസ് വകുപ്പിന്റെ ഉപദേശം സ്വീകരിക്കുന്നതാണ്. |
| (സി) | കേരള ഫിഷറീസ് സർവ്വകലാശാല മുഖേന മത്സ്യമേഖലയുടെ വികസനത്തിന് നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിന് ഫിഷറീസ് വകുപ്പ് സർവ്വകലാശാലയുമായി കരാറിൽ ഏർപ്പെടുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ശാസ്ത്രീയ മത്സ്യകൃഷി സംബന്ധിച്ച് പുതിയ അറിവുകൾ നേടുന്നതിനായി ഫിഷറീസ് സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുമായി മത്സ്യബന്ധന വകുപ്പ് യോജിച്ച് പ്രവർത്തിക്കുവാൻ തയ്യാറാകുമോ ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ